(Pages : 4) **N – 3326**

Reg. No. : .............................

Name : ..................................

## Second Semester B.A./B.Sc./B.Com. Degree Examination, May 2022

### First Degree Programme under CBCSS

### (Double Main Programme)

### Language Course 4 (Additional Language 2) – Malayalam

### ML 1211.4 : ദൃശ്യകലാസാഹിത്യം

### (2020 Admission)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. നളചരിതം ആട്ടക്കഥയുടെ മൂലകഥ ഏതു കൃതിയിലുള്ളതാണ്?

2. തുള്ളൽ എത്രവിധം? ഏതെല്ലാം?

3. കേരളത്തിലെ ഇബ്സൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?

4. സിനിമയുടെ ബ്ലൂപ്രിന്റ് എന്നു വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

5. ഓരോരോ കാലത്തിലും എന്ന നാടകം എഴുതിയത് ആരാണ്?

6. ‘കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം’ - ഏതു വസ്തുവിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

7. ഒരിടത്തൊരു ഫയൽവാൻ എന്ന സിനിമയിൽ നെടുമുടിവേണു അവതരിപ്പിച്ച കഥാപാത്രത്തിന്റെ പേരെന്ത്?

P.T.O.

St. Xaviers College Library

8. ഏതു കൃതിയുടെ വ്യാഖ്യാനമാണ് കാന്താരതാരകം എന്ന പേരിൽ അറിയപ്പെടുന്നത്?

9. ''കന്യകാരത്നമവളിൽ
വൃന്ദാരകന്മാർക്കും മോഹം'' - ഈ വരികളിൽ 'കന്യകാരത്നം' എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

10. മലയാളത്തിലെ ആദ്യത്തെ പ്രശ്നനാടകം ഏതാണ്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **ഓരോ** ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.

11. ''പട്ടണക്കാരുടെ നാക്കിന്റെ തുമ്പിൽ സരസ്വതി എപ്പോഴും വിളയാട്ടമാണ്'' - ആശയം വിശദമാക്കുക.

12. ''എന്നാൽ കുലമിതഖിലവുമറുതി വന്നിതു'' - വക്താവാര്? സന്ദർഭം വിവരിക്കുക.

13. കെ.വി. ശ്രീജ എന്ന എഴുത്തുകാരിയെ പരിചയപ്പെടുത്തുക.

14. ''രണ്ടു ഭാവം നിനക്കുണ്ടാകവേണ്ടെടോ!

രണ്ടു നാലെങ്കിലും കൊണ്ടുവന്നീടണം'' - പാഞ്ചാലി ഇങ്ങനെ പറയാനിടയായ സാഹചര്യം എന്തായിരുന്നു?

15. ''കണ്ണുകൾക്കിതു നല്ല പീയൂഷധാരികയോ'' - ഏത്? വിശദീകരിക്കുക.

16. ഗുസ്തിയുടെ സവിശേഷതകൾ എന്തെല്ലാം?

17. ''അവിടത്തെ മോലാളീം, ഇവിടത്തെ മോലാളീം ഒക്കെ ഞാൻ തന്നെയാ'' - ആരുടെ വാക്കുകൾ? എപ്പോഴാണ് ഇങ്ങനെ പറയുന്നത്?

18. കല്യാണസൗഗന്ധികം തേടിയുള്ള യാത്രയിൽ ഭീമൻ കാട്ടിൽ കണ്ട വൃക്ഷങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

19. തന്റെ കുഞ്ഞിനെക്കുറിച്ചുള്ള രണ്ടാമത്തെ സ്ത്രീയുടെ സങ്കല്പം വിവരിക്കുക.

St. Xaviers College Library

20. "കുലകന്യകമാരാൽ ഹൃദി

ഗൂഹനീയം വസ്തു പറയാമോ?" - ഈ വരികളിൽ വക്താവിന്റെ സ്വഭാവം എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിക്കുക.

21. "നെല്ലു കുത്തുമ്പോ ഉരലിന്റെ അടുത്തു കിടന്ന് പ്രസവിച്ചു, ഞാറു നടമ്പോ വരമ്പത്ത് കെടന്ന് പ്രസവിച്ചൂന്നൊക്കെ പറഞ്ഞുകേട്ടിട്ടുണ്ട്." - ഏതു സന്ദർഭത്തിലാണ് രണ്ടാമത്തെ സ്ത്രീ ഇപ്രകാരം പറയുന്നത്?

22. കഥകളിയിലെ വേഷങ്ങളെക്കുറിച്ച് വിവരിക്കുക.

23. "ഈ അവസരം പാഴാക്കുന്നവർ പിന്നീട് ദുഃഖിക്കേണ്ടിവരും" - ഏത് അവസരത്തെയാണ് ഇവിടെ പരാമർശിക്കുന്നത്?

24. "നല്ലതു നല്ലതിനോടേ ചേരണം തവ

വല്ലഭനപരൻ തുല്യൻ നഹി നൂനം" - ആരുടെ വാക്കുകൾ? വിശദമാക്കുക.

25. തുള്ളൽപ്രസ്ഥാനം - കുറിപ്പെഴുതുക.

26. പാഞ്ചാലി തന്റെ ആഗ്രഹം ഭീമസേനനെ അറിയിക്കുന്നത് എങ്ങനെ?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക.

27. "മുദിതം മാനസം മമ ഭവദംഗദർശനേന

മുഴുതിങ്കളുദയേന കുമുദമെന്നതുപോലെ" - സന്ദർഭവും ആശയവും വിശദമാക്കുക.

28. പ്രാസപ്രയോഗത്തിലുള്ള നമ്പ്യാരുടെ വൈദഗ്ദ്ധ്യം പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

29. ലേബർ റൂം എന്ന നാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

30. സാഹചര്യത്തിനനുസരിച്ച് സ്വഭാവം മാറ്റുന്ന കഥാപാത്രമാണ് കേശവക്കുറുപ്പ് എന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

31. ഫയൽവാന്മാരിൽ ശിവൻപിള്ള കാണുന്ന സ്വഭാവഗുണങ്ങൾ എന്തെല്ലാം?

32. ഒരിടത്തൊരു ഫയൽവാനിൽ നിങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രത്തെക്കുറിച്ച് വിവരിക്കുക.

St. Xaviers College Library

33. ''യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം'' - ആരെക്കുറിച്ചാണ് ഈ പരാമർശം? വിശദീകരിക്കുക.

34. കല്യാണസൗഗന്ധികം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട പാഞ്ചാലിയ്ക്ക് ഭീമൻ നല്കിയ മറുപടി സംഗ്രഹിച്ചെഴുതുക.

35. ലേബർ റൂമിനകത്തെ രണ്ടാമത്തെയും മൂന്നാമത്തെയും സ്ത്രീകളോടുള്ള ആശുപത്രി ജീവനക്കാരുടെ പെരുമാറ്റം എപ്രകാരമായിരുന്നു? കാരണമെന്ത്?

36. ''എടാ, കണ്ണില്ലാത്ത ദൈവമേ! നീ എന്റെ മൺകുടിൽ തകർത്തുകളഞ്ഞല്ലോ?'' - വക്താവാര്? വിശദീകരിക്കുക.

37. നാടകത്തിൽ നിന്നും തിരക്കഥ വ്യത്യസ്തമാകുന്നതെങ്ങനെ?

38. ഒരുത്തമ ദൂതൻ എന്ന നിലയിൽ ഹംസത്തിനുള്ള ഗുണങ്ങൾ വിലയിരുത്തുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

39. നളചരിതം ആട്ടക്കഥയിലെ നാടകീയതയെക്കുറിച്ച് ഉപന്യസിക്കുക.

40. ഒരു സ്ത്രീപക്ഷരചനയെന്ന നിലയിൽ ലേബർ റൂം എന്ന നാടകത്തെ വിലയിരുത്തുക.

41. നമ്പ്യാർക്കവിതയുടെ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

42. ഒരിടത്തൊരു ഫയൽവാൻ എന്ന സിനിമയെ മുൻനിർത്തി പത്മരാജന്റെ തിരക്കഥാശൈലിയുടെ സവിശേഷതകൾ വിശകലനം ചെയ്യുക.

43. ഭഗ്നഭവനത്തിലെ കഥാപാത്രങ്ങളുടെ സ്വഭാവത്തിലെ പൊരുത്തക്കേടുകൾ അവരുടെ ദുരന്തത്തിനു കൂട്ടുനില്ക്കുന്നു എന്നു പറയാൻ സാധിക്കുമോ? - ചർച്ച ചെയ്യുക.

44. ഉണ്ണായി വാര്യരുടെ പാത്രസൃഷ്ടിവൈഭവം പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---

St. Xaviers College Library